പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 886 — 07.02.2013 ൽ മറുപടിയ്ക്ക്

# കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. നാണു | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷൻ 100 കോടി രൂപ അനുവദിച്ചു. എന്നാൽ സ്ഥലങ്ങളൊന്നും തന്നെ ശുപാർശ ചെയ്തിട്ടില്ല. സംസ്ഥാനത്തെ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുവാനും നിലവിൽ കേടുപാടുകൾ സംഭവിച്ച കടൽഭിത്തിയുടെ പുനരുദ്ധാരണം നടത്തുന്നതിനുമായുള്ള പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, തലശ്ശേരി, കാസർഗോഡ് എന്നീ ജില്ലകളിലെ തീരദേശ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുന്നു. |
| (ബി) കടൽക്ഷോഭം അടിക്കടി ഉണ്ടാകുന്ന പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) കടൽക്ഷോഭം അടിക്കടി ഉണ്ടാകുന്ന പ്രദേശങ്ങളിൽ കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുവാനും നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുമുള്ള പദ്ധതികൾ സംസ്ഥാന ഫണ്ട് വിനിയോഗിച്ചും നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടിയും നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ